**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757 — 28.02.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാരകേന്ദ്രങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും എത്തുന്ന ടൂറിസ്റ്റുകൾക്ക് കിട്ടുന്ന സംരക്ഷണം തൃപ്തികരമല്ലാത്തതിനാൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) തിരുവനന്തപുരം ശംഖുമുഖം ബീച്ചിലും കോവളം ബീച്ചിലും ആവശ്യത്തിന് ലൈറ്റ് ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിയ്ക്കാൻ എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവളം, ശംഖുമുഖം ബീച്ചുകളിൽ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആവശ്യമായ വെളിച്ചം നൽകുന്നതിലേക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗപ്പെടുത്തി ശംഖുമുഖം ബീച്ച് ഏരിയ ഡെവലപ്മെന്റ് പദ്ധതി, ഹൈമാസ്റ്റ് ലൈറ്റ് നൽകുന്ന പദ്ധതി എന്നിവയുടെ പ്രവർത്തനം |

പുരോഗമിച്ചു വരുന്നു. കോവളം ബീച്ച് മേഖലയിൽ തിരുവനന്തപുരം ഡി.റ്റി.പി.സി. മുഖേന 'റീവാംബിംഗ് ഓഫ് കോവളം ലൈറ്റിംഗ് സിസ്റ്റം' നടപ്പിലാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

| | |
|---|---|
| സി) സർക്കാരിന്റെ കീഴിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളും ബീച്ചുകളും ആധുനികരീതിയിൽ നവീകരിച്ച് കൂടുതൽ വിദേശ-സ്വദേശ ടൂറിസ്റ്റുകളെ ആകർഷിയ്ക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | സി) ടൂറിസം വികസനത്തിനായി ആവിഷ്കരിച്ച ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന ഇതിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ.